നമ്പർ. സി.ബി. (1) 27207/08

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി 23-06-2008

## സർക്കുലർ നമ്പർ 42/2008

വിഷയം : സഹകരണ വകുപ്പ് - സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള വായ്പക്കാരൻ മരണമടഞ്ഞാൽ പലിശ ഒഴിവാക്കി നൽകുന്നത് - സംബന്ധിച്ച്

സൂചന : ബഹുമാനപ്പെട്ട സഹകരണ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 06-06-2008 നു കൂടിയ സെൻട്രൽ ബാങ്ക് കോൺഫറൻസ് തീരുമാനം.

സൂചനപ്രകാരം ചേർന്ന സെൻട്രൽ ബാങ്ക് കോൺഫറൻസിൽ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും 2 ലക്ഷം രൂപ വരെ വായ്പയെടുത്തിട്ടുള്ള വായ്പക്കാരൻ മരണമടഞ്ഞാൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാകണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസം മുതൽ വായ്പാകണക്ക് അവസാനിപ്പിക്കുന്ന തീയതി വരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതിന് തീരുമാനിക്കുകയുണ്ടായി.

മേൽ സാഹചര്യത്തിൽ സംസ്ഥാനത്തെ വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകളിൽ നിന്നും 2 ലക്ഷം രൂപ വരെ വായ്പയെടുത്തിട്ടുള്ള വായ്പക്കാരൻ മരണമടഞ്ഞാൽ ഒരു വർഷത്തിനകം അവകാശികൾ വായ്പാകണക്ക് അവസാനിപ്പിക്കുകയാണെങ്കിൽ വായ്പക്കാരൻ മരണപ്പെട്ട ദിവസം മുതൽ വായ്പകണക്ക് അവസാനിപ്പിക്കുന്ന തീയതി വരെയുള്ള പലിശ ഒഴിവാക്കി നൽകുന്നതിന് സംസ്ഥാനത്തെ എല്ലാ വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുമതി നൽകുന്നു.

ഒപ്പ്
റാണി ജോർജ്ജ് ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

<u>പകർപ്പ്</u>

1) മാനേജിംഗ് ഡയറക്ടർ
കേരള സംസ്ഥാന സഹകരണ ബാങ്ക്,
തിരുവനന്തപുരം

2) മാനേജിംഗ് ഡയറക്ടർ
സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്,
തിരുവനന്തപുരം.

3) ജനറൽ മാനേജർ,
എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും

......... പേജ് 2

4) എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്കും

5) എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ഓഡിറ്റർമാർക്കും (ജില്ലാ സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ ബാങ്ക്/സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്)

6) എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ/ഓഡിറ്റ്) മാർക്കും

7) എല്ലാ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾ/മറ്റ് കാർഷികേതര വായ്പാ സഹകരണ സംഘങ്ങൾ/ ബാങ്കുകൾക്കും (ജോയിന്റ് രജിസ്ട്രാർ മുഖേന)

8) സെക്രട്ടറി, സംസ്ഥാന സഹകരണ യൂണിയൻ

9) എഡിറ്റർ, സഹകരണ വീഥി/സഹകരണ ജേർണൽ

10) ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും

11) സ്റ്റോക്ക് ഫയൽ

12) സ്പെയർ 50

ആജ്ഞാനുസരണം

സഹകരണ സംഘം രജിസ്ട്രാർക്കുവേണ്ടി